**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135** **07-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മുഴുവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ മുന്നണി പോരാളികൾ എന്ന നിലയിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) | സംസ്ഥാനത്തെ റേഷൻ വ്യാപാരികളെ മുൻഗണനാപോരാളികളായി പരിഗണിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18 മുതൽ 44 വയസ്സു വരെ പ്രായമായ റേഷൻ വ്യാപാരികളിൽ വാക്സിൻ എടുക്കുവാൻ സമ്മതമുള്ളവരുടെ രജിസ്ട്രേഷൻ covid19.kerala.gov.in എന്ന പോർട്ടലിൽ നടന്നു വരുന്നു. |
| (ബി) | കോവിഡ് ബാധിച്ച് സംസ്ഥാനത്ത് എത്ര റേഷൻ വ്യാപാരികളും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവരും മരണപ്പെട്ടു; ഇവർക്ക് അർഹമായ നഷ്ട പരിഹാരം നൽകുന്ന കാര്യം പരിശോധിക്കുമോ; | (ബി) | കോവിഡ് ബാധിച്ച് സംസ്ഥാനത്ത് നാളിതുവരെ 25 റേഷൻ വ്യാപാരികളും 15 സെയിൽസ്മാൻ/ സെയിൽസ് വുമണും മരണപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് ലഭിക്കുന്ന മരണാനന്തര ധനസഹായം പരിമിതമായതിനാൽ കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻ വ്യാപാരികൾക്കുള്ള മരണാനന്തര ധനസഹായം ഉയർത്തുന്നതിന് 06.05.2021 ൽ ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. കോവിഡ് മൂലം മരണപ്പെട്ട റേഷൻ വ്യാപാരികൾക്ക് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവർക്കുമായി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് എഫ്.പി.എസ് ഡീലർമാർ, സെയിൽസ്മാൻമാർ എന്നിവർക്ക് സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പു മുഖേന കോവിഡ് ഇൻഷുറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ